വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇത്തരത്തിലുള്ള ഒരു നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ വിശദമായ റിപ്പോർട്ടും അലൈൻമെന്റും തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം റിപ്പോർട്ട് വാങ്ങി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(14) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട (മുസ്ലീം, നാടാർ) പെൺകുട്ടികളുടെ ലംപ്സംഗ്രാന്റ് കുടിശ്ശിക

ശ്രീ. എൻ. സുന്ദരൻ നാടാർ : പിന്നോക്ക വിഭാഗങ്ങളായ മുസ്ലീം, നാടാർ സമുദായങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി നൽകിയിരുന്ന ലംപ്സംഗ്രാന്റ് തുക നൽകിയിട്ട് നാലു വർഷമായി. ആ തുക അടിയന്തിരമായി നൽകണമെന്ന് ഞാൻ ബഹുമാന്യപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇത് സ്കോളർഷിപ്പ് ആണെന്നാണ് തോന്നുന്നത്. ഇതിൽ കുറച്ച് കുടിശ്ശികയുണ്ട്. അത് എത്രയും വേഗം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും.

(15) കേരളത്തിലെ സ്റ്റുഡിയോകളിലും കളർലാബുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥ

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ സ്റ്റുഡിയോകളിലും, കളർ ലാബുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെയും അനുബന്ധ തൊഴിലിലേർപ്പെട്ടവരുടേയും സ്വയം തൊഴിൽ കണ്ടെത്തിയ വീഡിയോ ഗ്രാഫർമാരുടെയും പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഇതര ജീവനക്കാർക്ക് സർക്കാരിൽനിന്ന് ക്ഷേമനിധിയും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നടപ്പാക്കുമ്പോൾ ഈ മേഖലയിലെ ആയിരക്കണക്കായ ജീവനക്കാർ അവഹേളിക്കപ്പെടുകയാണ്. ഫോട്ടോഗ്രാഫിയും വീഡിയോഗ്രാഫിയും ഉപജീവനമായി സ്വീകരിച്ചിട്ടുള്ള പ്രൊഫഷണലുകൾക്ക് സർക്കാർ തിരിച്ചറിയൽ കാർഡുകൾ നൽകി തൊഴിൽ സുരക്ഷിതത്വവും ഏകീകൃത സേവന-വേതന വ്യവസ്ഥകളും ഏർപ്പെടുത്തണമെന്നഭ്യർത്ഥിക്കുകയാണ്. ആധുനിക സാങ്കേതിക പരിജ്ഞാനം കഴിവതും ഉപയോഗപ്പെടുത്തി കെമിക്കൽ പ്രോസസ്സിന്റെയും തീക്ഷ്ണതയേറിയ ലൈറ്റിന്റെയും അതിപ്രസരണത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളാണ്. സ്റ്റുഡിയോ, ഡിജിറ്റൽ സ്റ്റുഡിയോ, കളർ ലാബുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രത്യേക സേവന-വേതന വ്യവസ്ഥകൾക്ക് രൂപം നൽകണമെന്നഭ്യർത്ഥിക്കുന്നു. ഗവൺമെന്റ് എല്ലാ മേഖലകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമനിധി പ്രൊഫഷണൽ വീഡിയോ ഫോട്ടോഗ്രാഫർമാർക്കും സ്റ്റുഡിയോ, കളർലാബ് അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടവർക്കും നടപ്പിലാക്കണം. പ്രൊഫഷണൽ ഫോട്ടോ, വീഡിയോ ഗ്രാഫർമാർ അടക്കം ഈ തൊഴിലുമായി ബന്ധപ്പെട്ട എല്ലാപേർക്കും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തിരിച്ചറിയൽ കാർഡ് നൽകണം. സ്റ്റുഡിയോകളിലെയും കളർ ലാബുകളിലെയും ജീവനക്കാർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തണം. സ്റ്റുഡിയോകളിലെയും കളർലാബുകളിലെയും ജീവനക്കാർക്ക് ജോലിസമയം ക്ലിപ്തപ്പെടുത്താനും അവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് പ്രത്യേകം രൂപം നൽകുവാനും ക്ഷേമനിധി ഏർപ്പെടുത്തുവാനും ഗവൺമെന്റ് തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഒരു തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന ഫോട്ടോഗ്രാഫർമാർ 1960-ലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളാണ്. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ച വിജ്ഞാപനത്തിൽ ഫോട്ടോഗ്രാഫർമാരുടെ കൂലി നിശ്ചയിച്ചിട്ടുണ്ട്. ഇവരുടെ കുറഞ്ഞ കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചത് 4-8-1997-ലാണ്. ഈ വിഭാഗത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി ഇനി പുതുക്കി നിശ്ചയിക്കേണ്ടത് 4-8-2002-ലാണ്. ഫോട്ടോഗ്രാഫർമാർ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി അവർക്കൊരു ക്ഷേമനിധി വേണമെന്നതാണ് അവരുടെ ഡിമാന്റ്. അവർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യണം എന്നുള്ളതാണ് മറ്റൊരു ഡിമാന്റ്. ഇന്ന് നിലവിലിരിക്കുന്ന ലേബർ ഡിപ്പാർട്ടുമെന്റ് നിയമം അനുസരിച്ച് അവർക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കുവാൻ നിവൃത്തിയില്ല. അവരെ സഹായിക്കാനൊരു മാർഗ്ഗം എന്നുള്ള നിലയിൽ അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിലുള്ള കൈത്തൊഴിലാളി, വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്ക്കരിച്ച് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനെപ്പറ്റിയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇപ്പോൾ ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് അത് മാറ്റി വച്ചിരിക്കുന്നത്. അല്ലെങ്കിൽ ഇപ്പോൾ തന്നെ അവർക്കുവേണ്ട ഒരു ക്ഷേമനിധി രൂപീകരിച്ചേനെ.

(16) കാസർഗോഡ് ജില്ലയിൽ കശുമാവ് തോട്ടങ്ങളിൽ കീടനാശിനി ഉപയോഗിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. പി. രാഘവൻ : സർ, കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ചും കേരളത്തിൽ പൊതുവേയുമുള്ള ഒരു പ്രശ്നമാണിത്. കശുമാവു തോട്ടങ്ങളിലും മറ്റു കൃഷിക്കും ഉപയോഗിക്കുന്ന 'എൻഡോസൾഫാൻ' എന്ന കീടനാശിനി വളരെ മാരകമായിട്ടുള്ള ഫലമാണുണ്ടാക്കുന്നതെന്ന് പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ട്. പേരളയിലെ കശുമാവ് തോട്ടത്തിന്റെ ചുറ്റുപാടുമുള്ള ആളുകൾക്ക് പ്രത്യേകമായിട്ടുള്ള രോഗം വരുന്നതു സംബന്ധിച്ച് അവരുടെ പരാതിപ്രകാരം ഇതു സംബന്ധിച്ച് ഒരു അന്വേഷണം വന്നതായി 'ഹിന്ദു' പത്രത്തിൽ കഴിഞ്ഞദിവസം വാർത്ത വന്നിരുന്നു. അതനുസരിച്ച് ഇതിനെ "സൈലന്റ് കില്ലർ" എന്നാണ് അവർ വിശേഷിപ്പിച്ചത്. ഇത് ലബോറട്ടറിയിലൊക്കെ പരിശോധിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly